പിന്നീട് ദയാൽകൗർ മകന്റെ വിവരമറിയുന്നതു്, രാജീവ് ഗാന്ധിയെ വധിക്കുന്നതിനു് അയാൾ നടത്തിയ വിഫലശ്രമത്തെത്തുടർന്നുള്ള അന്വേഷണത്തിനു് പോലീസ് അവരുടെ വീട്ടിലെത്തിയപ്പോഴാണു്.

കരംജീത്തിന്റെ ആലോചനകളൊന്നും അറിഞ്ഞിരുന്നില്ലെങ്കിലും ദയാൽകൗറിനു് മകന്റെ ഭാവിയെപ്പററി ആശങ്കയുണ്ടായിരുന്നു. ദില്ലിയിലേക്കു തിരിച്ചുപോകുന്നതിൽനിന്നു് അവർ അയാളെ വിലക്കിയിരുന്നു. 'വരാനുള്ളതു വരും; തടയാൻ ആർക്കു കഴിയും?' എന്നായിരുന്നുവത്രേ കരംജീത്തിന്റെ പ്രതികരണം.

പഞ്ചാബിലെ മാൾവാ പ്രദേശത്തു്, നാല്പതിനായിരത്തോളം മാത്രം ജനസംഖ്യയുള്ള ഒരു ചെറുനഗരമാണു് സുനാം. അവിടെ അല്പമെങ്കിലും രാഷ്ട്രീയസ്വാധീനമുള്ളതു് കമ്യൂണിസ്റ്റ് പാർട്ടിക്കാണു്. പഴയ് പെപ്സു നിയമസഭയിലേക്കു് ആദ്യമായി ഒരു കമ്യൂണിസ്റ്റ് അംഗം തെരഞ്ഞെടുക്കപ്പെട്ടതു് ഈ പ്രദേശത്തുനിന്നായിരുന്നു. കരംജീത്തിന്റെ അമ്മയുടെയും അച്ഛന്റെയും ആൾക്കാർ തലമുറകളായി സുനാംനഗരത്തിൽത്തന്നെ പാർത്തുവരുന്നവരാണു്. അവർക്കു് ആർക്കുമില്ല ഒരുതരം രാഷ്ട്രീയവും.

ജാലിയൻവാലാബാഗിലെ കൂട്ടക്കൊലയ്ക്കു് ഉത്തരവാദിയായിരുന്ന ജനറൽ ഒ. ഡയർ എന്ന ബ്രിട്ടീഷ് സൈനികോദ്യോഗസ്ഥനെ വർഷങ്ങൾക്കുശേഷം ബ്രിട്ടനിൽച്ചെന്നു വെടിവെച്ചു കൊന്നു തൂക്കുമരമേറിയ ഉദ്ദാംസിംഹ് എന്ന രക്തസാക്ഷി പിറന്നതു് സുനാം നഗരത്തിലാണു്. ശഹീദ് ഉദ്ദാംസിംഹിന്റെ ചിതാഭസ്മം, അദ്ദേഹത്തിന്റെ സ്മാരകമായി ആരംഭിച്ച ഗവണ്മെന്റ് കോളേജിലെ ലൈബ്രറിയിൽ ഒരു പേടകത്തിൽ സൂക്ഷിച്ചിട്ടുണ്ടു്. ഉദ്ദാംസിംഹിന്റെ ദേശാഭിമാനപാരമ്പര്യത്തിൽ അഭിമാനിക്കുന്നവരാണു് ഈ നഗരത്തിലെ എല്ലാ പൗരന്മാരും. കരംജീത്ത്സിംഹ് പഠിച്ചതു് ഈ കോളേജിലാണു്. ഉദ്ദാംസിംഹിന്റെ ദേശപ്രേമത്തെ ഉൾക്കൊള്ളാതെ, അദ്ദേഹത്തിന്റെ ഹൃദയത്തിൽ ദീർഘകാലം കെടാതെ എരിഞ്ഞ പ്രതികാരതൃഷ്ണയെ മാത്രമാണു് കരംജീത്ത്സിംഹ് ഉൾക്കൊണ്ടതു് എങ്കിൽ, വിധിവൈപരീത്യമെന്നോ, കാലവൈപരീത്യമെന്നോ അല്ലാതെ വേറെ എന്താണു് അതിനെപ്പററി പറയുക?

കരംജീത്തിന്റെ അച്ഛൻ അമർസിംഹിനെ പോലീസ് കസ്റ്റഡിയിലെടുത്തിരുന്നു. അയാളുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നറിഞ്ഞുകൂടാ. കരംജീത്തിന്റെ പേരിലുള്ള കേസ്സ് ഇതെഴുതുമ്പോഴും കോടതിയിലെത്തിയിട്ടില്ല. അതിനാൽ അതിനെ സംബന്ധിച്ച് അഭിപ്രായം പറയുന്നതു ശരിയല്ല. രാജീവ് ഗാന്ധിയെ വധിക്കാൻ ശ്രമിച്ചതിന്റെ പേരിൽ കരംജീത്തിനെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന വസ്തുത മുൻനിർത്തി, അയാളുടെ കുടുംബപശ്ചാത്തലം വരച്ചുകാട്ടുകയേ ഇവിടെ ചെയ്തിട്ടുള്ളു.

(30 നവംബർ, 1986)

# 41. മിസോറം: ഇരുപത്തിമൂന്നാമത്തെ സ്റ്റേററ്

വലിപ്പംകൊണ്ടു നോക്കിയാൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ ഏഴാമത്തെ സ്ഥാനമാണു് ഇന്ത്യയ്ക്കു്; ജനസംഖ്യകൊണ്ടു നോക്കിയാൽ രണ്ടാമത്തെ സ്ഥാനവും. ഇരുപത്തിരണ്ടു സ്റ്റേററുകളുടെയും ഒമ്പതു കേന്ദ്രഭരണ പ്രദേശങ്ങളുടെയും യൂണിയൻ ആണു് നമ്മുടെ ഈ വലിയ രാഷ്ട്രം.

ഇപ്പോഠം ഒരു കേന്ദ്രഭരണപ്രദേശമായ മിസോറത്തെ ഒരു സ്റ്റേററ് ആക്കി മാററുന്നതിനു് കേന്ദ്രഗവണ്മെൻറും, കേന്ദ്രഗവണ്മെൻറിൻെറ ഭരണത്തിനു ചുമതലപ്പെട്ട പാർലമെൻറിൽ ഭൂരിപക്ഷമുള്ള കോൺഗ്രസ് പാർട്ടിയും തീരുമാനിച്ചിരിക്കുന്നു. കേന്ദ്രഗവണ്മെൻറിലെ ഹോം സെക്രട്ടറിയും മിസോറമിലെ ചീഫ് സെക്രട്ടറിയും ഒരു ഭാഗത്തും മിസോറമിലെ 'മിസോ നാഷണൽ ഫ്രണ്ട്' (എം. എൻ. എഫ്.) എന്ന കലാപസംഘടനയുടെ നേതാവു് ശ്രീ ലാൽഡെംഗ മറുഭാഗത്തുമായി ജൂൺ 30–ാം തീയതി ദില്ലിയിൽ ഒപ്പിട്ട ഒരു ഒത്തുതീർപ്പിൽ ഈ തീരുമാനം രേഖപ്പെടുത്തിയിട്ടുണ്ടു്. മിസോറമിൽ ഇപ്പോഠം അധികാരം വഹിക്കുന്ന കോൺഗ്രസ് പാർട്ടിയുടെ മന്ത്രിസഭ രാജിവെക്കുമെന്നും, ശ്രീ ലാൽഡെംഗയെ (ഇദ്ദേഹം മിസോറം നിയമസഭയിൽ അംഗമല്ല) മുഖ്യമന്ത്രി സ്ഥാനത്തേക്കു് ഗവർണർ നോമിനേററ്ചെയ്യുമെന്നും കോൺഗ്രസ് പാർട്ടിയിൽപ്പെട്ട എം. എൽ. എ. മാർ ശ്രീ ലാൽഡെംഗയ്ക്കു് പിൻതുണ നൽകുമെന്നും, താമസിയാതെ മിസോറമിൽ നിയമസഭാ തെരഞ്ഞെടുപ്പു നടത്തുമെന്നും സമ്മതിച്ചുകൊണ്ടുള്ള ഒരു കരാറിൽ ഇതിനുമുമ്പുതന്നെ കോൺഗ്രസ് പാർട്ടിയുടെ ഉപാദ്ധ്യക്ഷനായ ശ്രീ അർജ്ജുൻസിംഹം ശ്രീ ലാൽഡെംഗയും ഒപ്പുവെച്ചിരുന്നു.

അങ്ങനെ മിസോറം ഇന്ത്യയിലെ ഇരുപത്തിമൂന്നാമത്തെ സ്റ്റേററ് ആകാൻ പോകുകയാണു്. ഇരുപത്തോരായിരം ചതുരശ്ര കിലോമീററർ വിസ്താരമുള്ള മിസോറമിനേക്കാഠം ചെറിയവയായിരിക്കും സിക്കിം (7100 ച. കി. മീ.), ത്രിപുര (10,500 ച. കി. മീ.), നാഗലാൻഡ് (16,600 ച. കി. മീ.) എന്നീ സ്റ്റേററുകഠം. എന്നാൽ, അഞ്ചുലക്ഷത്തോളം ജനങ്ങളുള്ള മിസോറമിനേക്കാഠം ജനസംഖ്യ കുറവായ ഒരു സ്റ്റേററേ ഇന്ത്യയിൽ ഉണ്ടായിരിക്കൂ: മൂന്നു ലക്ഷത്തിൽ അല്പം കൂടുതൽ മാത്രം ജനസംഖ്യയുള്ള സിക്കിം. ജനസംഖ്യയുടെ സാന്ദ്രതകൊണ്ടു നോക്കിയാൽ സിക്കിമാണു് മിസോറമിനേക്കാഠം മേലെ. മിസോറമിൽ ഒരു ചതുരശ്ര കിലോമീററർ പ്രദേശത്തു് ഇരുപത്തിമൂന്നു് ആളുകഠം മാത്രമുള്ളപ്പോഠം, സിക്കിമിൽ അത്രയും സ്ഥലത്തു് അതിൻെറ ഇരട്ടിയോളം ആളുകഠം പാർക്കുന്നുണ്ടു്.

മിസോറമിലെ ജനങ്ങഠം അധികവും (94.25 ശതമാനം) ഗോത്രവർഗക്കാരാണു്. ഇവരിൽ തൊണ്ണൂറു ശതമാനവും ക്രിസ്ത്യാനികളാണു് എന്നതത്രേ ശ്രദ്ധേയമായ ഒരു സവിശേഷത. ഇന്ത്യയിൽ ക്രിസ്ത്യാനികഠംക്കു ഭൂരിപക്ഷമുള്ള ഒരേ ഒരു സ്റ്റേററ് മിസോറം ആയിരിക്കും. പത്തൊമ്പതാം ശതകത്തിൽ മിസോകളെ ക്രിസ്തുമതത്തിൽച്ചേർത്ത ബ്രിട്ടീഷ് മിഷണറിമാർ അവർക്കു് മതത്തോടൊപ്പം ഇംഗ്ലീഷ് ഭാഷയും വിദ്യാഭ്യാസവുംകൂടി നൽകുകയുണ്ടായി. കേരളത്തിൽ സാക്ഷരതാശതമാനം 1981–ൽ 69.17 ആയിരുന്നെങ്കിൽ, മിസോറമിൽ സാക്ഷരതാം 55 ശതമാനമായിരുന്നു; അവിടെത്തന്നെ ലുഷായ് വർഗക്കാരിൽ നൂറിൽ എൺപത്താറുപേരും സാക്ഷരരായിരുന്നു. മിസോഭാഷ അച്ചടിക്കാൻ ആരംഭിച്ച പാതിരിമാർ അതിനുപയോഗിച്ചതു് റോമൻ ലിപിയായിരുന്നു. ഈ സ്ഥിതി ഇപ്പോഴും തുടരുന്നു. അതിനാൽ മിക്ക മിസോകഠംക്കും മിസോഭാഷയും ഇംഗ്ലീഷും അറിയാം. മിസോ സ്റ്റേററിലെ ഭരണഭാഷയും വിദ്യാഭ്യാസഭാഷയും ഇംഗ്ലീഷ് ആയി തുടരാനാണു സാദ്ധ്യത.

ഇന്ത്യയുടെ ഭൂപടത്തിൽ നോക്കിയാൽ, വടക്കുകിഴക്കേ അററത്തു വിരലുകഠംപോലെ വീതി കുറഞ്ഞ രണ്ടു ഭൂപ്രദേശങ്ങഠം തെക്കോട്ടു തള്ളിക്കിടക്കുന്നതു കാണാം. ഇവയിൽ, കിഴക്കുഭാഗത്തുള്ള ഭൂഭാഗമാണു് മിസോറം. മിസോറമിൻെറ വടക്കുഭാഗത്തുനിന്നു പടിഞ്ഞാട്ടു തള്ളി

ത്രിപുര കിടക്കുന്നു. ത്രിപുരയുടെ മൂന്നു വശത്തും ബാംഗ്ളാദേശ് ആണ്. മിസോറമിന്റെ കിഴക്കും തെക്കും ബർമ്മയിലെ ചിൻ—അരാക്കാൻ കുന്നുകളും പടിഞ്ഞാറ് ബംഗ്ലാദേശും ത്രിപുരയും, വടക്ക് മണിപ്പൂർ, അസമിലെ കച്ചാർ ജില്ല എന്നീ പ്രദേശങ്ങളും കിടക്കുന്നു. പൊക്കം കുറഞ്ഞ കുന്നുകളാണ് മിസോറമിലെങ്ങും. മിസോ എന്ന വാക്കിനർത്ഥം കുന്നുകളിലെ മനുഷ്യർ എന്നാണ്; മിസോറം എന്നാൽ കുന്നുകളിലെ മനുഷ്യരുടെ നാട്. മിസോറമിലെ കുന്നുകരംക്കിടയിൽ പുഴകരംക്ക യാതൊരു ക്ഷാമവുമില്ല. ആകെ ഭൂപ്രദേശത്തിന്റെ മുപ്പത്തിരണ്ടു ശതമാനത്തോളം അവിടെ വനങ്ങളാണ്. മിസോകളിൽ എൺപത്തേഴ ശതമാനത്തോളം കർഷകരത്രേ. കാടുകരം ചുട്ടെരിച്ച് ഒന്നോ, രണ്ടോ പൂവൽ കൃഷിയിറക്കിയശേഷം മററു സ്ഥലത്തേക്കു നീങ്ങുക എന്ന പ്രാകൃത കൃഷിസമ്പ്രദായം (പുനംകൃഷി, ഝൂം) ആണ് അവിടെ ഇന്നും കൂടുതലുള്ളത്. വ്യവസായങ്ങരം മിസോറമിൽ തുലോം കുറവാണ്. ഗതാഗതസൗകര്യം നാമമാത്രമാകുന്നു. വികസനത്തിൽ മിസോറം ഇന്ത്യയിലെ മററു പ്രദേശങ്ങളിൽനിന്നു വളരെ പിന്നിലാണു നിലകൊള്ളുന്നത്.

മിസോകരം മംഗോളം വർഗക്കാരാണെന്നു കരുതപ്പെടുന്നു. ലുഷായികരം, പവാകരം, ഹ്മംഗികരം, കുകികരം മുതലായ പല ഗോത്രക്കാരായി ഇവർ വിഭജിക്കപ്പെട്ടിരിക്കുന്നു. ബർമ്മയിലെ ഷാൻ സ്റ്റേററിൽനിന്നാണ് ഇവർ ഇപ്പോഴത്തെ 'മിസോറ'പ്രദേശത്തേക്കു കുടിയേറിപ്പാർത്തതു്. ബ്രിട്ടീഷുകാർ ഇവരെ കീഴടക്കുകയും, 1891—ൽ ഈ പ്രദേശം അസം സംസ്ഥാനത്തിന്റെ ഒരു ഭാഗമാക്കുകയുംചെയ്തു. അന്നു് 'ലുഷായ് കുന്നുകരം' എന്നാണ് ഈ പ്രദേശം വിളിക്കപ്പെട്ടിരുന്നതു്. സ്ഥലം പിടിച്ചടക്കിയെങ്കിലും ബ്രിട്ടീഷുകാർ ഈ പ്രദേശത്തു പഴയ രീതിയിലുള്ള ഗോത്രഭരണം നിർബാധം നടക്കുന്നതിനു് അനുവദിച്ചു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം, 1954—ൽ ഈ പ്രദേശത്തിന്റെ പേരു് 'മിസോ ഹിൽസ് ഡിസ്ട്രിക്റ്റ്' എന്നാക്കി മാററി. ബ്രഹ്മപുത്ര താഴ്‌വരയിലെ അസംകാരുടെ ഭരണത്തിൽ മിസോകരം അതൃപ്തരായിരുന്നു. 1959—ൽ മിസോ കുന്നിൻപ്രദേശത്തു കഠിനമായ ക്ഷാമമുണ്ടായി. ഇതു് മിസോകളുടെ ഇടയിലുള്ള പ്രക്ഷോഭത്തിനു് ആക്കംകൂട്ടി. ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശത്തു്, നാഗാലാൻഡ്, മിസോറം മുതലായ പ്രദേശങ്ങരം ഉരംപ്പെടുത്തി, ഒരു സ്വതന്ത്ര ക്രിസ്ത്യൻ രാഷ്ട്രം സ്ഥാപിക്കാമെന്നു സ്വപ്നം കണ്ടിരുന്ന വിദേശീയ മിഷണറിമാർ ഈ പ്രക്ഷോഭത്തെ ഉത്തേജിപ്പിച്ചിരുന്നതായി വിശ്വസിക്കപ്പെട്ടിരുന്നു. മിസോ പ്രക്ഷോഭകാരികരം 'മിസോ നാഷണൽ ഫ്രണ്ട്' (എം. എൻ. എഫ്.) എന്ന കലാപസംഘടന രൂപവൽക്കരിച്ച് 1966—ൽ ഇന്ത്യാ ഗവണ്മെൻറിനെതിരായി യുദ്ധം തുടങ്ങി. കർശനമായ നടപടികളെടുത്തു് ഇന്ത്യൻ പട്ടാളം ഈ കലാപം അമർച്ചചെയ്തു. മിസോകളുടെ ന്യായമായ പരാതികരംക്കു പ്രതിവിധിയുണ്ടാക്കുന്നതിനും, ഈ പ്രദേശത്തിന്റെ സാമ്പത്തിക വികസനം ത്വരിപ്പിക്കുന്നതിനുമായി, 1972—ൽ 'മിസോറം' എന്ന പേരിൽ, ഈ പ്രദേശം കേന്ദ്രത്തിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ കൊണ്ടുവന്നു.

ഇന്ത്യയിൽനിന്നു വിട്ടു സ്വതന്ത്രമായ മിസോരാഷ്ട്രം സ്ഥാപിക്കാൻ ആഗ്രഹിച്ചിരുന്ന മിസോ കലാപകാരികരം ഇതുകൊണ്ടും തൃപ്തരായില്ല. ബർമ്മയിലെ താവളങ്ങളിൽനിന്നു് അവർ മിസോറം ഗവണ്മെൻറിനെതിരായ ഒളിപ്പോരു തുടർന്നു. തലസ്ഥാനമായ റംഗൂണിൽ മാത്രമേ ബർമ്മാ ഗവണ്മെൻറിന്റെ വ്യവസ്ഥാപിത ഭരണമുണ്ടായിരുന്നുള്ളു. അതിനാൽ, ഇന്ത്യയുടെ അതിർത്തിയിൽ, അരാക്കാൻ കുന്നുകളിൽ, മിസോ കലാപകാരികരം ഇന്ത്യൻ സേനയിൽനിന്നു തികച്ചും സുരക്ഷിതരായിരുന്നു. മറുവശത്തു്, ബംഗ്ലാദേശിലെ ചട്ഗാവ് (ചിററഗോങ്ങ്) കുന്നുകളും

അവർക്ക് സൈ്വരവിഹാരത്തിന് ഉപകരിച്ചു. ഇക്കാരണത്താൽ, 1974—ൽ മിസോറാം മുഴുവൻ അസ്വാസ്ഥ്യബാധിതമാണെന്ന് ഇന്ത്യാഗവണ്മെൻറിന്ന പ്രഖ്യാപിക്കേണ്ടിവന്നു. മിസോറമിൽ കലാപമുണ്ടാക്കുന്നതുകൊണ്ടു തൃപ്തിപ്പെടാതെ മിസോ ഗറില്ലകൾ ത്രിപുരയിൽ കലാപമുണ്ടാക്കിയിരുന്ന 'ത്രിപുര നാഷണൽ വളണ്ടിയേഴ്സ്' (ടി. എൻ. വി.) എന്ന ഗറില്ലാസംഘടനയ്ക്കും നാഗലാൻഡിലെ നാഷണൽ സോഷ്യലിസ്റ്റ് കൗൺസിൽ (എൻ. എസ്. സി. എൻ.) എന്ന ഗറില്ലാ സംഘടനയ്ക്കും, മണിപ്പൂരിലെ പീപ്പിൾസ് ലിബറേഷൻ ആർമി (പി. എൽ. എ.), കാംഗ്ളൈ പാക്ക് പീപ്പിൾസ് ലിബറേഷൻ ആർമി (പി. എൽ. എ. കെ.) എന്നീ ഗറില്ലാ സംഘടനകൾക്കും പരിശീലനസൗകര്യങ്ങളും ആയുധങ്ങളും മററു സഹായസഹകരണങ്ങളും നൽകിവരുന്നതായി വിശ്വസിക്കപ്പെടുന്നു.

മിസോ നാഷണൽ ഫ്രണ്ടിൻെറ നേതാവായ ശ്രീ ലാൽഡെംഗയുമായി ഇന്ത്യാഗവണ്മെൻറിനുവേണ്ടി സമാധാനസംഭാഷണങ്ങൾ ആരംഭിച്ചതു് ഇന്ദിരാഗാന്ധിയാണ്. ഈ സംഭാഷണങ്ങൾ 1986 ജൂൺ അവസാനംവരെ തുടർന്നുവന്നു. 1984—ൽ കേന്ദ്രഗവണ്മെൻറ് മുന്നോട്ടുവെച്ച നിർദേശങ്ങൾ ഇപ്പോൾ ശ്രീ ലാൽഡെംഗ സ്വീകരിച്ചിട്ടുണ്ടത്രേ. ഇന്ത്യൻ യൂണിയനിലെ ഒരു സ്റ്റേററ് എന്ന പദവി മിസോറമിനു നൽകുന്നതുകൊണ്ട് മിസോ കലാപകാരികൾ തൃപ്തിപ്പെടുകയും, ഇന്ത്യൻ സൈന്യത്തിൻെറ മുമ്പിൽ ആയുധംവെച്ചു കീഴടങ്ങുകയും ചെയ്യുമെന്നാണു പ്രതീക്ഷ. ശ്രീ ലാൽഡെംഗ വളരെ കാലമായി താമസിക്കുന്നതു് ലണ്ടനിലാണ്. ഇന്ത്യയിലെ അതിർത്തി രക്ഷാസേനയെ (ബി. എസ്. എഫ്.) ഒളിഞ്ഞിരുന്ന് എതിർത്തും ഇന്ത്യയ്ക്കകത്തു കടന്നു കൊള്ളകൾ നടത്തിയും എത്രയോ വർഷങ്ങളായി അരാജക ജീവിതം നയിച്ചുവരുന്ന മിസോ കലാപകാരികൾക്കുമേൽ—ഇവരുടെ സംഖ്യ എഴുനൂറോളമാണത്രേ—ലാൽഡെംഗയ്ക്ക് എത്രമാത്രം സ്വാധീനം ചെലുത്താൻ കഴിയുമെന്നു കണ്ടറിയണം,

ഇപ്പോൾ ഉണ്ടായ ഒത്തുതീർപ്പിൻെറ ഫലമായി, ഭരണഘടനാനുസൃതമായി തെരഞ്ഞെടുക്കപ്പെട്ട മിസോറമിലെ ഇപ്പോഴത്തെ മന്ത്രിസഭ രാജിവെക്കുകയും, ശ്രീ ലാൽഡെംഗ മുഖ്യമന്ത്രിയായി പുതിയ ഒരു മന്ത്രിസഭ രൂപവൽക്കരിക്കപ്പെടുകയും ചെയ്യും. ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ ലാൽത്തൻ ഹാവ്ല ഈ മന്ത്രിസഭയിൽ ഉപമുഖ്യമന്ത്രിയായിരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഈ പുതിയ മന്ത്രിസഭ അധികാരത്തിൽ വരുന്നതോടെ, ഈ പ്രദേശത്തുള്ള ഗറില്ലാപ്രസ്ഥാനങ്ങൾ പൊതുവെ തളരാനിടയുണ്ട്. മിസോ ഗറില്ലകളുടെ സഹായമില്ലാതായാൽ ത്രിപുരയിലെ ടി. എൻ. വി. ഗറില്ലകൾ ദുർബലരാകും. കാരണം, വിദേശങ്ങളിൽനിന്നുള്ള ആയുധ—ധനസഹായം ത്രിപുരയിലെത്തുന്നതു്, ബർമ്മ താവളമാക്കി പ്രവർത്തിക്കുന്ന മിസോകളിൽക്കൂടിയാണ്.

വടക്കുകിഴക്കേ അതിർത്തിയിൽ പ്രവർത്തിക്കുന്ന ഗറില്ലകളിൽ ഇപ്പോൾ കൂടുതൽ ദ്രോഹകാരികൾ നാഗ നാഷണൽ സോഷ്യലിസ്റ്റ് കൗൺസിൽ (എൻ. എസ്. സി. എൻ.) ആണ്. ഇവരുടെ ഉപദ്രവം നാഗലാൻഡിലെക്കാളേറെ അനുഭവപ്പെടുന്നതു് മണിപ്പുരിൽ ആകുന്നു. ഇക്കഴിഞ്ഞ ജൂൺ 6—ാം തീയതി ഇവർ അതിർത്തി രക്ഷാസേനയെ ആക്രമിക്കുകയും രണ്ടു ജവാന്മാരെ കൊല്ലുകയുമുണ്ടായി. എന്നാൽ, ബർമ്മയിലുള്ള നാഗകലാപകാരികളുടെ താവളങ്ങളെ ബർമ്മീസ് സേന ഈയിടെ ആക്രമിച്ചുവരുന്നതായി റിപ്പോർട്ടുകളുണ്ട്. മണിപ്പുരിലെ പീപ്പിൾസ് ലിബറേഷൻ ആർമി (പി. എൽ. എ.) എന്ന ഗറില്ലാസംഘടന ആഭ്യന്തര മത്സരങ്ങളാൽ തകർന്നിരിക്കുകയാണ്. അതിൻെറ മുൻ നേതാ

വു് ശ്രീ ബിഷേശ്വർ സിംഹ് ഇപ്പോൾ മണിപ്പുരിൽ നിയമവിധേയമായ രാഷ്ട്രീയപ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഇതിനർത്ഥം, ഈ പ്രദേശത്തു് ഉയർത്തപ്പെട്ട കലാപക്കൊടികളാകെ എല്ലാം വലിച്ചു താഴ്ത്തപ്പെട്ടു എന്നല്ല, കലാപകാരികൾ ഇപ്പോഴും ജനങ്ങളെ ഭീഷണിപ്പെടുത്തി നികുതിയും സംഭാവനകളും പിരിക്കുകയും, തങ്ങൾക്കു സംരക്ഷണം നൽകാൻ ജനങ്ങളെ നിർബന്ധിതരാക്കുകയും ചെയ്തുവരുന്നുണ്ടു്. എങ്കിലും മിസോറമിൽ കലാപം ഒതുങ്ങിയാൽ, അതിന്റെ ഫലം ത്രിപുരയിലും നാഗലാൻഡിലും മണിപ്പുരിലും, വടക്കു കിഴക്കു് അതിർത്തിപ്രദേശത്തു മുഴവൻ, അനുഭവപ്പെടാതിരിക്കയില്ല.

ഇന്ത്യയ്ക്കകത്തുള്ള ഗോത്രവർഗക്കാരുടെ കലാപങ്ങൾക്കു പുറമേ, ബംഗ്ളാദേശിലെ അസ്വസ്ഥതകളും വടക്കു–കിഴക്കു് അതിർത്തിപ്രദേശത്തു ക്രമസമാധാനസ്ഥാപനത്തിനു തടസ്സമുണ്ടാക്കുന്നുണ്ടു്. 'ചക്മകൾ' എന്നറിയപ്പെടുന്ന ബുദ്ധമതക്കാരായ ഗോത്രവർഗക്കാർ ബംഗ്ളാദേശിൽ നിന്നു തള്ളിപ്പുറത്താക്കപ്പെടുകയാണു്. ഇവർ ഇന്ത്യയിലേക്കു പ്രവഹിക്കുന്നതു് ഈ പ്രദേശത്തു നിരന്തരം അസ്വസ്ഥതകൾ സൃഷ്ടിക്കുന്നു. ഇന്ത്യയോടു് ബംഗ്ളാദേശും ബർമ്മയും സഹകരിച്ചാൽ മാത്രമേ ഇവിടെ പൂർണ്ണമായ സമാധാനം നിലവിൽവരികയുള്ളു.

മിസോറം ഒരു സ്റ്റേററ് ആയിക്കഴിഞ്ഞാൽ, അതിന്റെ തലസ്ഥാനമായ ഐസോളിൽ ഒരു ഹൈക്കോടതി സ്ഥാപിക്കപ്പെടും. ഇപ്പോൾ മിസോറമിലെ നീതിന്യായവ്യവസ്ഥ അസമിൽ ഗുവാഹാട്ടിയിലെ ഹൈക്കോടതിയുടെ നിയന്ത്രണത്തിലാണു്.

സ്റ്റേററ് ആവുന്നതോടൊപ്പം, ഈ പ്രദേശത്തെ ഭൂമിക്കുമീതെ പൂർണമായ അധികാരം കേന്ദ്രത്തിൽനിന്നു സ്റ്റേററിലേക്കു കൈമാറപ്പെടും. മിസോറമിൽ മണ്ണിനടിയിൽ ധാരാളം എണ്ണയുണ്ടെന്നാണു കരുതപ്പെടുന്നതു്. അതു കുഴിച്ചെടുക്കുന്നതിനു് ഈ അധികാരക്കൈമാററം തടസ്സം സൃഷ്ടിച്ചേക്കാമെന്ന ആശങ്ക ഇതിനകം ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. നാഗാലാൻഡിൽ ഈ തടസ്സം ഇപ്പോൾത്തന്നെ അനുഭവപ്പെടുന്നുണ്ടു്. ഭരണഘടനയുടെ അടിസ്ഥാനച്ചട്ടക്കൂടിനെതിരാണു് ദില്ലിയിൽ ജൂൺ 30–ാം തീയതി ഇന്ത്യാഗവണ്മെൻറും ശ്രീ ലാൽഡെംഗയും ചേർന്നു് ഒപ്പുവെച്ച ഒത്തുതീർപ്പു് എന്നും ആക്ഷേപമുണ്ടായിട്ടുണ്ടു്.

മിസോറമിലെ സംഭവവികാസങ്ങളിൽ ഉദ്ബുദ്ധമായ താല്പര്യം ഓരോ ഇന്ത്യൻ പൗരനും ഉണ്ടായിരിക്കണം. ഇന്ത്യയുടെ ഭാവി രൂപപ്പെടുത്തുന്നതിൽ ഈ സംഭവവികാസങ്ങൾക്കു നിർണായകമായ പങ്കു് ഉണ്ടായിരിക്കും.

(2 ജൂലൈ, 1986)

## 42. ഗോർഖാലാൻഡ്

ഖാലിസ്ഥാൻവാദംപോലെതന്നെ ഇന്ത്യയുടെ ഭദ്രതയ്ക്കും അഖണ്ഡതയ്ക്കും സ്വാസ്ഥ്യത്തിനും ഭംഗംവരുത്തിയേക്കാവുന്ന ഒന്നാണു് ഗോർഖാലാൻഡ് വാദം. 1986 മെയ് 12, 13, 14 തീയതികളിൽ നടന്ന ഡാർജിലിങ് ബന്ദും, അതിനോടനുബന്ധിച്ചുണ്ടായ അക്രമപ്രവർത്തനങ്ങളും, അവയെ അമർച്ച ചെയ്യാൻ അതിർത്തി രക്ഷാസേന നടത്തിയ വെടിവെപ്പും ആണു് ഗോർഖാലാൻഡ് വാദത്തിന്റെ മാററൊലികൾ ഇന്ത്യയുടെ മററു ഭാഗങ്ങളിൽ എത്തിച്ചതെങ്കിലും, ഗോർഖകൾക്കു പ്രത്യേകമായി ഒരു